പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 400

27.6.2013 ൽ
മറുപടിയ്ക്ക്

## സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ചെറുകിട ഉല്പന്നങ്ങൾക്ക് നിരോധനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ :<br>ശ്രീ. കെ.കെ.നാരായണൻ :<br>ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീ. സാജു പോൾ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ചെറുകിട ഉത്പാദകരുടെ ഉല്പന്നങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | എ) ചെറുകിട ഉത്പാദകരുടെ ഉല്പന്നങ്ങൾക്ക് സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ വിൽപ്പന നടത്തുന്നതിന് ഒരു വിധത്തിലുമുള്ള നിരോധനവും ഏർപ്പെടുത്തിയിട്ടില്ല. |
| ബി) ഇത്തരം മാർക്കറ്റുകളിലേക്ക് ഉല്പന്നം എത്തിക്കുന്നതിന് ഉല്പാദകർക്ക് എന്തെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങളോ നിബന്ധനകളോ നിശ്ചയിച്ചിട്ടുണ്ടോ ; | ബി) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലേക്ക് ചെറുകിട ഉത്പാദകരുടെ (പ്രാദേശിക താൽപ്പര്യം അനുസരിച്ച്) സാധനങ്ങൾ വാങ്ങുന്നതിനുള്ള അധികാരം ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റിക്കാണ്. വാങ്ങൽ തീരുമാനമെടുക്കുമ്പോൾ FSS Act ഉൾപ്പെടെ നിയമപ്രകാരമുള്ള രേഖകൾ കമ്മിറ്റി മുമ്പാകെ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| സി) നികുതി ഇളവുള്ള ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നത് വഴി കുടുംബശ്രീ ഉൾപ്പെടെയുള്ള ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | സി) നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ഉപഭോക്താക്കളുടെ ആവശ്യാനുസരണം ഡിപ്പോ കമ്മിറ്റിയുടെ തീരുമാനപ്രകാരം കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട ഉൽപാദകരുടെ ഉൽപ്പന്നങ്ങൾ ഡിപ്പോ തലത്തിൽ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ